
# ബൈബിൾ ട്രൂത്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** *** **J. C. CHOATE**

***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol 6** **February 1993** **No. 11**

## എഡിറ്റോറിയൽ

അടുത്ത സമയത്തു പുത്തരിക്കണ്ടം മൈതാനത്തു നടന്ന ഒരു സുവിശേഷപ്രസംഗം വാസ്തവത്തിൽ യേശുക്രിസ്തുവിനേയും അവന്റെ ഉപദേശങ്ങളേയും പ്രത്യക്ഷമായും പരോക്ഷമായും എതിർക്കുന്ന ഒന്നായിരുന്നു. ബൈബിളിലെ ഏതെങ്കിലും ഒന്നോ അതിലധികമോ വാക്യങ്ങൾ എടുത്തുകൊണ്ട് തങ്ങളുടെ മനോനിരൂപണങ്ങൾക്കനുസരിച്ച് സദസ്യരെ രസിപ്പിക്കുന്ന രീതിയിൽ അവതരിപ്പിക്കുന്ന ഒന്നായിരുന്നു അതു. ആരംഭം ഒരു വ്യവസായ ശൃംഖലയുടെ പരസ്യത്തെ വെല്ലുന്ന പരസ്യങ്ങളാൽ ആയിരുന്നു. സത്യത്തെ വിൽക്കുകയല്ല വാങ്ങുകയാണ് വേണ്ടതെന്ന ദൈവവചനത്തെ അവർ എങ്ങനെ മനസിലാക്കിയോ എന്തോ ? യേശുക്രിസ്തു സഭ പണിയുവാനല്ല വന്നതെന്നും സഭ പണിതിട്ടില്ലെന്നും ആധികാരികമായി ഒരാൾക്കു എങ്ങനെ പറയാൻ കഴിയും സത്യം മറിച്ചായിരിക്കെ. “ഞാൻ എന്റെ സഭയെ പണിയും” എന്നു കർത്താവ് തന്നെ പറഞ്ഞ പ്രസ്താവന ഇവർ ബൈബിളിൽ വായിച്ചിട്ടില്ലയോ ? ക്രിസ്തു തന്റെ രക്തം കൊടുത്തു സമ്പാദിച്ചതായ സഭയെന്നു അപ്പൊസ്തലനും രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രവിവരണം വേദപുസ്തകത്തിൽ ഇവർ കണ്ടിട്ടില്ലയോ ?

പികെ വർഗീസ്

# ഏതാനും തീർച്ചകൾ

J. C. ചോട്ട്

കുഴപ്പം പിടിച്ച കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതു. എവിടെയും എപ്പോഴും എന്തും സംഭവിക്കാം. ഒന്നിനും തീർച്ചയില്ലാത്ത സ്ഥിതിയാണുള്ളതു. ഇന്നു നാം ചില കാര്യങ്ങരം ചെയ്യുന്നുണ്ട്. എന്നാൽ അതു നാളെയും ചെയ്യും എന്ന് വിചാരിക്കാൻ പ്രയാസം. ഇതു ആകുലതയും വിഷമവും നിരാശയും ഉണ്ടാക്കും.

വേദവാക്യവും അതു തന്നെയാണ് പറയുന്നതു: നാളെ എന്തു സംഭവിക്കും എന്നു നാം അറിയുന്നില്ലല്ലൊ (യാക്കൊ. 4:13-14). അതുകൊണ്ട് ഇന്നു കാണപ്പെടുന്നതും നാളെ ഇല്ലാതാകുന്നതുമായ ഭൗതികമായ കാര്യങ്ങളിൻ നാം ആശ്രയം വെക്കരുതു (മത്തായി 6:19-21). പക്ഷെ ഈ അനിശ്ചിതാവസ്ഥകളെല്ലാം മാത്രമാണോ ജീവിതം എന്നു പറയുന്നത്? നിലനില്ക്കുന്നതും നമുക്കു ആശ്രയം വെക്കാവുന്നതുമായ ചില വസ്തുക്കരം ഇല്ലേ? ഉണ്ട്. തീർച്ചയുള്ള കാര്യങ്ങളെ പരിഗണിക്കുമ്പോരം അവയിൽ മുഖ്യമായും നാലെണ്ണം നാം ഇവിടെ കണക്കിലെടുക്കുവാൻ പോകുന്നു.

ആദ്യമായി "ഈ ലോകത്തിലേക്കു നാം വന്നപ്പോരം ഒന്നും കൊണ്ടു വന്നില്ല; ഇവിടെ നിന്നു പോകുമ്പോഴും നാം ഒന്നും കൊണ്ടുപോകുന്നില്ല". അപ്പൊസ്തലനായ പൗലോസ് ദൈവശ്വാസീയമായി ഈ സത്യ വസ്തുത അറിയിക്കുകയുണ്ടായി. തുടർന്നും പറയുന്നു: "ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ധനികന്മാർ ആകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും. മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൌഢ്യവും ദോഷകരവുമായ പല മോഹ

ങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും മൂലമല്ലൊ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹു ദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു (1 തിമൊഥെയോസ് 6:7-11).

ആരോ പറഞ്ഞതായി ഓർക്കുന്നു. നികുതികളും മരണവും ജീവിതത്തിൽ തീർച്ചയുള്ള കാര്യങ്ങളാണ്. ഈ പറഞ്ഞ വാക്കിൽ ധാരാളം വാസ്തവം ഉണ്ടെന്നു എനിക്കുതോന്നുന്നു. എന്നാൽ പൌലൊസ് സൂചിപ്പിച്ച ഈ ലോക വസ്തുക്കളുടെ അപ്രധാന്യം നാം കണ്ടില്ലെന്നു നടിച്ചുകൂടാ. നാം ആരാണെന്നു വിവേചിച്ചറിയേണ്ടതുമുണ്ട്. നാമെല്ലാവരും ഈ ലോകത്തിലേക്കു വന്നതു ഒരുപോലെയാണ്. ഇവിടെ നിന്നും പോകുന്നതും ഒരേ പോലെയാണ്. ഒന്നും കൂടാതെ ഇവിടെ എത്തി; ഒന്നുമില്ലാതെ ഇവിടം വിടേണ്ടിവരുന്നു. എന്നേക്കും സൂക്ഷിക്കുവാൻ കഴിയാത്ത, എപ്പോഴും നീണ്ടു നിൽക്കാത്ത ഈ ഭൗതിക വസ്തുക്കളിൽ പിന്നെ എന്തിനീ അധിക ഭ്രമം? അതിനുപകരമായി നമുക്കും നമ്മുടെ ചുററുപാടും വസിക്കുന്ന ആളുകൾക്കു പ്രയോജനമുള്ളവയും ശരിയും നൻമയും ആയ കാര്യങ്ങളിൽ ഊന്നൽ കൊടുക്കുവാൻ നാം ശ്രമിക്കണം.

ക്രിസ്തു നമ്മെ പഠിപ്പിച്ച ഗുണ പാഠം ഇത്തരുണത്തിൽ നാം ഓർക്കേണ്ടതാണ്. പുഴുവും തുരുമ്പും കെടുക്കയും കള്ളൻമാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളൻമാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ (മത്തായി 6:19-21).

രണ്ടാമത്തേതു: കർത്താവിന്റെ വാഗ്ദാനങ്ങൾ എല്ലാം തീർച്ചയായുള്ളതു. പത്രോസ് പ്രതിപാദിച്ചതു, "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശി

ച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛരിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു "(2പത്രോസ് 3:9). മനുഷ്യർ തങ്ങളുടെ വാക്കുകൾ എല്ലായ്പോഴും പാലിക്കുന്നവരല്ല എങ്കിലും ദൈവം വാക്കു പാലിക്കുന്നവനാണ് "ഞാൻ ആരിൽ വിശ്വസിച്ചിരിക്കുന്നു എന്നു എനിക്കറിയാം" എന്നു പൌലോസ് പറയുകയുണ്ടായി (2തിമൊഥെയോസ് 1:12). ദൈവത്തിനു ഭോഷ്ക്കു പറയുന്നതു അസാദ്ധ്യമാകുന്നു എന്ന് എബ്രായ ലേഖകൻ എഴുതിയിരിക്കുന്നു (എബ്രായർ 6:18). ഭോഷ്ക്കില്ലാത്ത ദൈവമാണ് സകല കാലത്തിനും മുമ്പെ ഈ പ്രത്യാശയുടെ വചനം വാഗ്ദത്തം ചെയ്തതു (തീത്തൊസ് 1:2).

കർത്താവ് അനേക വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണമായി തന്റെ ആളുകളോടുകൂടെ അവൻ എന്നേക്കും ഉണ്ടാകും എന്നു വാക്കു പറഞ്ഞിട്ടുണ്ട് (മത്താ. 28:20) "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു" എന്നു പൌലൊസ് നമ്മെ ഓർപ്പിക്കുന്നു. അതുപോലെ സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും നമ്മെ നിറക്കുമെന്നു പറഞ്ഞരിക്കുന്നു (റോമർ 8:28; എഫെസ്യർ 1:3).

മററു ധാരാളം വാഗ്ദാനങ്ങൾ ദൈവം നൽകിയിട്ടുണ്ട്. അതിൽ ഉള്ള പ്രത്യേകത എന്തെന്നാൽ ദൈവം തന്റെ വാഗ്ദാനങ്ങളിൽ ഉറച്ചു നിൽക്കുന്നവനും അതു അതുപോലെ തന്നെ പ്രവർത്തിക്കുന്നവനും ആണ് എന്നതാണ്. അവയിൽ ഒന്നുപോലും നിറവേറാതെ പോകയില്ല.

മൂന്നാമതായി മരണവും ന്യായവിധിയും തീർച്ചയാണ്. "ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യനു നിശ്ചയിച്ചിരിക്കുന്നു" (എബ്രായർ 9:27). എന്നാൽ കർത്താവ് വരുമ്പോൾ ചിലർ ജീവനോടുകൂടെ ഇരിക്കും

എന്നതു വാസ്തവമാണ്. അവർ രൂപാന്തരപ്പെട്ട് ആകാശ മേഘത്തിൽ കർത്താവിനെ എതിരേൽപാൻ എടുക്കപ്പെടും (1 തെസലൊനിക്യർ 4:13-18). മനുഷ്യശരീരത്തോടുകൂടി ആർക്കും സ്വർഗ്ഗത്തിലോ, നാശസ്ഥലത്തോ പോകാൻ സാദ്ധ്യമല്ല. അതിനാൽ മർത്യശരീരത്തിനു നീക്കം വരുത്തിയ ശേഷമേ ന്യായവിധിയെ അഭിമുഖീകരിക്കയുള്ളൂ. സ്ത്രീ പ്രസവിച്ച മനുഷ്യൻ അൽപായുസുള്ളവനും കഷ്ടസമ്പൂർണ്ണനും ആകുന്നു (ഇയ്യോബ് 14:1). "ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ: നാളെത്തേതു നിങ്ങൾ അറിയുന്നില്ലല്ലൊ: നിങ്ങളുടെ ജീവൻ എങ്ങനെയുള്ളതു? അൽപനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ (യാക്കോബ് 4:13-14).

തീർച്ചയായും നാം മരിക്കും. എന്നാൽ പിന്നീടോ? ന്യായവിധി ഉറപ്പാണ്. അതുകൊണ്ട് നമ്മുടെ ജീവിതം നാം അവസരമുള്ളപ്പോൾ തന്നെ നല്ലതുപോലെ ജീവിക്കണം. മരണം ഏതു നിമിഷവും ഉണ്ടാകാം. അതിനുശേഷം ഒരവസരം കൂടെ കിട്ടിയിരുന്നെങ്കിൽ എനിക്കു നല്ലൊരു ജീവിതം നയിക്കാമായിരുന്നു എന്നു കരുതിയാൽ ഫലമില്ല. കാരണം പിന്നീട് ന്യായവിധി മാത്രമെ അവശേഷിക്കുന്നുള്ളൂ. നാം ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു തന്നെ നാം എല്ലാവരും ഒരിക്കൽ ന്യായവിസ്താരത്തിനു മുൻപാകെ നിൽക്കേണ്ടി വരും, യേശുക്രിസ്തുവാണ് നമ്മെ ന്യായം വിധിക്കുന്നത് (പ്രവൃത്തി 17:31). യേശുക്രിസ്തുവിൻെറ വചനങ്ങൾ അനുസരിച്ചാണ് അന്ത്യനാളിലെ ന്യായവിധി (യോഹന്നാൻ 12:48). അവൻ വാഗ്ദാനം ചെയ്തതനുസരിച്ച് ന്യായവിധിക്കുശേഷം നീതിമാന്മാർ നിത്യജീവങ്കലേക്കും ദുഷ്ടന്മാർ നിത്യനാശത്തിലേക്കും പോകും (മത്തായി 25:46).

നാലാമതായി, ക്രിസ്തു രണ്ടാമതു വരും എന്നതു തീർച്ചയാണ്. യേശുക്രിസ്തു പോയതുപോലെ തിരിച്ചു വരും എന്നു പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 14:1). അവൻ ഒരിക്കൽ ഉയിർത്തെഴുന്നേററു എന്നതിനു തർക്കമെററ തെളിവുകൾ ധാരാളം നൽകിയെങ്കിലും അതു വിശ്വസിക്കാതിരിക്കുന്ന ആളുകൾ ഉണ്ട് (1 കൊരിന്ത്യർ 15:16). ഉയിർത്തെഴുന്നേററില്ലെങ്കിൽ എങ്ങനെ സ്വർഗ്ഗത്തിലേക്കു പോകാൻ കഴിയും? സ്വർഗ്ഗത്തിലേക്കു പോയില്ലെങ്കിൽ എങ്ങനെ അവിടെ നിന്നും തിരിച്ചു വരുവാൻ കഴിയും? അവൻ പോകുകയും അതിനു മുൻപ് പറഞ്ഞിട്ടുള്ളതെല്ലാം അങ്ങനെ തന്നെ സംഭവിച്ചിരിക്കയാൽ വീണ്ടും വരുമെന്ന വാഗ്ദാനത്തിലും നമുക്കു വിശ്വസിക്കാം. ഇത്രയും നാൾ കർത്താവ് വരാതിരിക്കുന്നതുകൊണ്ട് അവിശ്വാസികൾ, അവൻ വരുകയില്ല എന്നു വാദിക്കുന്നുണ്ട്. "കർത്താവിനു ഒരു ദിവസം ആയിരം സംവത്സരം പോലെയും, ആയിരം സംവത്സരം ഒരു ദിവസം പോലെയും ആകുന്നു" എന്നു അവർ മനസിലാക്കണം (2പത്രൊസ് 3:8). സമയം ക്രിസ്തുവിനു പ്രശ്നമല്ല എന്നു ഇതിനാൽ തെളിയുന്നു.

എന്തിനാണ് കർത്താവ് വീണ്ടും വരുന്നത്? തൻെറ വാഗ്ദാനങ്ങളിൽ പറഞ്ഞിട്ടുള്ള അനേക കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ആകാശത്തെയും ഭൂമിയെയും നശിപ്പിക്കണം, കല്ലറകളിൽ ഉള്ളവരെ വിളിച്ചു വരുത്തണം, മനുഷ്യരെ ന്യായം വിധിക്കണം; സഭയെ-രാജ്യത്തെ എടുക്കണം; പിതാവിനു ഏല്പിച്ചുകൊടുക്കണം; നീതിമാന്മാരെ സ്വർഗ്ഗത്തിലേക്കും, ദുഷ്പ്രവൃത്തിക്കാരെ നിത്യനരകത്തിലേക്കും അയക്കണം.

പ്രിയ സ്നേഹിതരേ, നിങ്ങൾ ദൈവ വചനം അനുസരിച്ച് അവനെ എതിരേല്പാൻ ഒരുങ്ങുക!

★

# ദൂതൻമാർ പാടുന്നതു എനിക്കു കേൾക്കാം

എച്ച്. ഹെമ്ബ്രി

പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചു പാടുന്നു (ഇയ്യോബ് 3:7). അത്യുന്നതനായവനു ദൂതൻമാർ മഹത്വം കൊടുക്കും (ലൂക്കൊസ് 2:13-14) അനേക ദൂതന്മാരുടെ ശബ്ദം ഞാൻ കേട്ടു (വെളിപ്പാട് 5:11). മിന്നിത്തിളങ്ങുന്ന മനോഹരമായ എല്ലാററിൻേറയും ഉറവിടം ദൈവമത്രേ. പ്രഭാത നക്ഷത്രങ്ങളുടെ മന്ദ്രമധുരമായ ഗാനത്തിൻെറ മാധുര്യം നിങ്ങൾക്കു ആസ്വദിക്കാൻ കഴിയുമോ? ദൂതൻമാരുടെ ഈരടികൾ തങ്ങളുടെ ഇടയൻമാരെ കേൾപ്പിക്കുമ്പോൾ അതു ശ്രവിക്കുവാൻ നിങ്ങൾക്ക് താൽപര്യമുണ്ടോ? യോഹന്നാൻ കേട്ടതായ ഗായകരുടെ ഗീതങ്ങൾ നിങ്ങൾക്കു എങ്ങനെ കേൾക്കാൻ കഴിയുന്നു ?

സ്വർഗ്ഗീയ ശ്രുതികളെ പങ്കെടുത്തു ആസ്വദിക്കത്തക്ക രീതിയിലാണ് ദൈവം അവയെ ഏർപ്പെടുത്തിയിരിക്കുന്നതു. രണ്ടിനകൽപനയാണ് ഇതിനായി തന്നിരിക്കുന്നതു. വെളിപ്പാടും സൃഷ്ടിയും. നാം കാണുവാനും കേൾക്കുവാനും ദൈവം ആഗ്രഹിക്കുന്നു (റോമർ 1:16-20).

ആരംഭം നോക്കുക. പ്രകാശവും പകലും, തുടർന്നു രാത്രി സ്ഥാപിച്ചിരിക്കുന്നു. സമുദ്രത്തെയും സ്ഥാനം കൊടുത്ത് ആക്കി. ഉണങ്ങിയ നിലം കാണുമാറാക്കി. സസ്യജീവചാലങ്ങൾ, ജന്തുക്കൾ ഇവയെല്ലാം ക്രമാനുഗതമായ നിലനിൽപിലേക്കു വന്നു. അവയെല്ലാം അതാതു ഫലം പുറപ്പെടുവിക്കത്തക്ക സ്ഥിതിയിലുമാക്കി, പിന്നീടു മനുഷ്യവർഗ്ഗം, സൃഷ്ടിയുടെ മഹത്വം കിരീടമണിയുകയാണ് ഇതിൽ. എല്ലാം നല്ലതു തന്നെ. സൃഷ്ടികർത്താവിൻെറ

ഇച്ഛക്കനുസരിച്ച് എല്ലാം ചലിക്കാൻ തുടങ്ങി. ഏതിലും ഒരു ന്യൂനതയും കാണാനില്ലായിരുന്നു. ആകാശവും അതിലുള്ളതൊക്കെയും ദൈവത്തിൻെറ മഹത്വത്തെ കീർത്തിച്ചു.

ഈ യോജിപ്പിന് വിഘാതം വരുത്തുവാനുള്ള കഴിവ് മനുഷ്യന് ഉണ്ടായിരുന്നു. ദൈവത്തെ അനുസരിക്കുവാനും തള്ളിക്കളയുവാനും കഴിഞ്ഞിരുന്നു. നിർമ്മാതാവായ ദൈവത്തിനു എല്ലാ സൃഷ്ടികളും കീഴ്പ്പെട്ടിരുന്നപ്പോൾ ദൂതൻമാർ പോലും ആറ്റാദിച്ചു. എന്നാൽ ഒരു നിമിഷം കൊണ്ട് മനുഷ്യൻ എല്ലാവരേയും ദുഃഖത്തിലാഴ്ത്തി. ആ സന്താപം ഇല്ലാതാക്കുവാൻ, സന്തോഷം പുനസ്ഥാപിക്കുവാൻ ദൈവം ആഗ്രഹിച്ചു. തൻെറ പുത്രനെ അയച്ചു അവനിൽ വിശ്വസിക്കുന്നവൻ മാനസാന്തരപ്പെട്ട് ദൈവത്തെ അനുസരിച്ചാൽ സ്വർഗ്ഗത്തിൽ സന്തോഷം അലതല്ലും (ലൂക്കൊസ് 15:7). പാപക്ഷമാപണം കിട്ടിയവർക്കു സന്തോഷിക്കാം. അവർക്കു ഗീതങ്ങൾ ഹൃദയത്തിൽ നിന്നും ആലപിക്കാൻ കഴിയും (എഫേസ്യർ 5:19). നിങ്ങൾ സ്വർഗ്ഗീയ സന്തോഷത്തിൽ പങ്കു ചേർന്നുവോ?

★

# നല്ല ഉദ്ദേശത്തോടെയുള്ള തിൻമ

## സണ്ണി ഡേവിഡ്

ന്യായവിധിനാളിനെ ഓർമ്മിപ്പിച്ചുകൊണ്ടു ക്രിസ്തു ഈ വിസ്മയാവഹമായ വാക്കുകൾ പറയുകയുണ്ടായി: “കർത്താവേ, കർത്താവേ, നിൻെറ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിൻെറ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിൻെറ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു

പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും". അനേകർ യേശുവിനോടു വന്നു സംസാരിക്കുമെന്നാണ് പറഞ്ഞതു. അവർ യേശുവിൽ വിശ്വസിച്ച ആളുകളാണ്. കാരണം അവർ യേശുവിൻെറ നാമത്തിലാണ് വീര്യപ്രവൃത്തികളും അൽഭുതങ്ങളും നടത്തിയതു. തന്നെയുമല്ല അവർ ക്രിസ്തുവിൻെറ രാജ്യത്തിലേക്കു പ്രവേശനം ഉറപ്പാക്കി എന്നു കരുതിയവരുമാണ്.

അവർക്കു ശരിയായ ഉദ്ദേശവും നല്ല ലക്ഷ്യവുമുണ്ടായിരുന്നിരിക്കണം. എങ്കിലും അവർ ചെയ്തതു നിയമവിരുദ്ധമായിട്ടാണ് എന്നു കാണുന്നു. അവരുടെ പ്രവൃത്തികൾ അധർമ്മമായിരുന്നു, പാപമായിരുന്നു. അതുകൊണ്ട് കർത്താവ് അവരെ അറിഞ്ഞിട്ടില്ല. എന്നും അവർ അവനെ വിട്ടുപോകുവാൻ പറയുമെന്നും നാം അറിയുന്നു. യേശുവിൽ വിശ്വസിക്കുന്നവരായാലും യേശുവിൻെറ നാമത്തിൽ എന്തു ചെയ്താലും അതു ധർമ്മമല്ലാത്തതാകയാൽ ദൈവം അംഗീകരിക്കുകയില്ല. നിയമ വിരുദ്ധമായ ഏതൊന്നും ദൈവം വെറുക്കുന്നതാണ്. പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം തന്നെ (1യോഹ. 3:4). ഇന്നു ക്രിസ്തുവിൻെറ നാമത്തിൽ ഇതുപോലെയുള്ള പ്രവൃത്തികൾ ചെയ്യുന്നവരില്ലേ? നമ്മളോ? നമ്മൾ ദിവസവും വേദപുസ്തകം വായിക്കുന്നവരാകാം, പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവരാകാം. നല്ല ധാർമ്മിക ജീവിതം നയിക്കുന്നവരുമാകാം. ആ വലിയ ദിവസത്തിൽ കർത്താവ് നമ്മെ സ്വീകരിക്കുമോ? തള്ളുമോ? എങ്ങനെ നമുക്കു തീർച്ചയാക്കാം?

മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ബുദ്ധിയുപദേശത്തിനായി നല്കപ്പെട്ടിരിക്കുന്നു എന്നു റോമാലേഖനം പതിനഞ്ചാം അദ്ധ്യായം നാലാം വാക്യത്തിൽ കാണു

ന്നു. ആകയാൽ നമുക്കു പഴയ നിയമ ഉദാഹരണങ്ങൾ പരിശോധിക്കാം.

ശൗൽ ഇസ്രായേൽ രാജാവായി അഭിഷിക്തനായ ശേഷം ശമുവേൽ പ്രവാചകൻ മുഖാന്തരം ദൈവം ശൗലിനോടു ആജ്ഞാപിച്ചതെന്തെന്നാൽ "നീ അമാലേക്യരേയും അവർക്കുള്ള എല്ലാററിനേയും ഉന്മൂലനാശം വരുത്തണം" എന്നായിരുന്നു. കാരണം ദൈവ ജനമായ ഇസ്രായേൽ വാഗ്ദാന ദേശത്തേക്കു സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ അമാലേക്യർ അവരെ ആക്രമിച്ചു. ശൗൽ പോയി അവരെ തോല്പിച്ചു. എന്നാൽ അവരുടെ രാജാവായ ആഗാഗിനെ ജീവനോടെ പിടിച്ചുകൊണ്ടുവന്നു; അവരുടെ ആടു, മാടു, തടിച്ച മൃഗം, എന്നിവയിൽ മേത്തരമായവയേയും, കുഞ്ഞാടുകളേയും, ഉത്തമമായവയെ ഒക്കെയും നിർമ്മൂലമാക്കുവാൻ മനസില്ലാതെ ജീവനോടെ കൊണ്ടു വന്നു. ശമുവേൽ ശൗലിൻെറ അടുക്കൽ എത്തിയപ്പോൾ ശൗൽ പറഞ്ഞു, "ഞാൻ യഹോവയുടെ കല്പന നിവർത്തിച്ചിരിക്കുന്നു." പക്ഷെ ശമുവേൽ ചോദിച്ചു എൻെറ ചെവിയിൽ എത്തുന്ന ആടുകളുടെ കരച്ചിലും, കാളകളുടെ മുക്കറയും എന്തു എന്നു ചോദിച്ചു. അതിനു ശൗൽ, ജനം അവയെ സൂക്ഷിച്ചു വെച്ചതു നിൻെറ ദൈവമായ യഹോവക്കു യാഗം കഴിപ്പാനാണ് എന്നു പറഞ്ഞു. ദൈവത്തിൻെറ വാക്കുകളെ ലംഘിച്ച് ജനത്തിൻെറ വാക്കു അനുസരിച്ച ശൗൽ നല്ല ഉദ്ദേശത്തോടുകൂടെയാണ് ചെയ്തതു എന്നു മനസിലാക്കാം. പക്ഷെ ദൈവത്തിൻെറ അരുളപ്പാട് എന്താണ് എന്ന് നോക്കാം.

ഇതാ അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസിനെക്കാളും നല്ലതു. മൽസരം ആഭിചാരദോഷം പോലെയും ശാഠ്യം മിത്ഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു". യഹോവയുടെ വചനം തള്ളിക്കളഞ്ഞു പാപം ചെയ്ത ശൗലിനെ ദൈവം രാജസ്ഥാനത്തു നിന്നു നീക്കിക്കളഞ്ഞു (1 ശമുവേൽ 15:8-23).

ഇവിടെ ശൗൽ വിചാരിച്ചതു, താൻ ചെയ്യുന്നതു ശരി എന്നാണ്. നാം വിചാരിക്കുന്നതുപോലെയല്ല ദൈവം വിചാരിക്കുന്നത്. എല്ലാം നശിപ്പിച്ചില്ലെങ്കിലും നല്ലതു കുറെ ശേഷിപ്പിച്ചാൽ അതു തെററാകയില്ല എന്ന സിദ്ധാന്ത മായിരുന്നു ശൗലിൻേറതു. കൊണ്ടുവന്നതു യഹോവെക്കു യാഗം കഴിക്കുവാൻ എന്ന നല്ല ഉദ്ദേശവും അവനുണ്ടായിരു ന്നു. പക്ഷെ അവൻ ചെയ്തതു തെററായിരുന്നു. അതു പോലെ തന്നെ ഇന്നു നിരവധി ആളുകൾ ചിന്തിക്കുന്നുണ്ട്. ദൈവനാമത്തിനുവേണ്ടിയല്ലേ, ദൈവത്തെ പ്രസാദിപ്പിക്കുന്ന തിനുവേണ്ടിയല്ലേ, ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടിയ ല്ലേ? എന്നെല്ലാം വിചാരിച്ച് ചെയ്യുന്ന നിയമവിരുദ്ധമായ എത്രയോ പ്രവൃത്തികൾ ഉണ്ട്. ദൈവം കൽപിക്കുന്ന ഏതു കാര്യവും അതു അങ്ങനെ തന്നെ ചെയ്യുവാനാണ് ദൈവം ആഗ്രഹിക്കുന്നതു. മറിച്ച് പ്രവർത്തിച്ച് അതിനെ ന്യായീ കരിക്കുന്നതു ദൈവത്തോടു മൽസരിക്കുന്നതിനു തുല്യമാ ണ്. അങ്ങനെ ചെയ്യുന്നതു ആഭിചാരദോഷം പോലെയാ ണ് എന്നു വചനം വ്യക്തമാക്കിയിരിക്കുന്നു. അതാണ് യേശു, മത്തായി എഴുതിയ സുവിശേഷം ഏഴാം അദ്ധ്യായം ഇരുപത്തിരണ്ടും ഇരുപത്തിമൂന്നും വാക്യങ്ങളിൽ പറഞ്ഞി രിക്കുന്നതു.

ഉൽപത്തി 4:3-ൽ കയീൻ യഹോവക്കു വഴിപാട് കൊ ണ്ടുവന്നതു നല്ല ഉദ്ദേശത്തോടെ ആയിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു അവൻ നിലത്തിലെ അനുഭവത്തിൽ നി ന്നാണ് കർത്താവിനു വഴിപാട് അർപ്പിച്ചതു. എന്നിട്ടും ആ ആരാധന ദൈവം നിരസിച്ചുകളഞ്ഞു. കാരണം അതു ദൈവേഷ്ടപ്രകാരമായ ഒന്നായിരുന്നില്ല. ദൈവവചനം ശ്രദ്ധിച്ച് കേട്ടിട്ടു വേണം വിശ്വാസം വരുവാൻ; വിശ്വാസം ഉണ്ടായിട്ടുവേണം പൂർണ്ണമായി അനുസരിക്കുവാൻ (എബ്രാ യർ 11:4; റോമർ 10:17). ദൈവം പറഞ്ഞിട്ടില്ലാത്ത അന്യാഗ് നി ഉപയോഗിച്ച് യാഗം കഴിച്ച പഴയ നിയമത്തിലെ രണ്ടു ലേവ്യാപുരോഹിതൻമാരായിരുന്നു നാദാബും അബീഹൂ വും. അവരുടെ യാഗം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു

വേണ്ടിയായിരുന്നു. നല്ല ഉദ്ദേശത്തോടെ ചെയ്തു; പക്ഷേ അവർ യാഗത്തിൽ ഉപയോഗിച്ച അഗ്നി ദൈവേഷ്ടത്തിനു വിപരീതമായിരുന്നു. അതിനു കിട്ടിയ ശിക്ഷയോ, അവർ കർത്താവിന്റെ സന്നിധിയിൽ നിന്നും തീ ഇറങ്ങി തീയ്ക്കിരയായി തീർന്നു. മനുഷ്യരുടെ ചിന്തകൾക്കും ആശയങ്ങൾക്കും അതീതമായിട്ടാണ് ദൈവം തന്റെ നീതിയെ വ്യക്തമാക്കിയിരിക്കുന്നതു. ദൈവമുൻപാകെ നമ്മുടെ നീതിക്കു യാതൊരു സ്ഥാനവുമില്ല എന്നു ഓർക്കുക. ലേവ്യാപുസ്തകം 10:1, 2; സംഖ്യാപുസ്തകം 16:46).

പഴയ നിയമകാലത്തു ദൈവം ശിക്ഷിച്ചതുപോലെ ഇപ്പോൾ ആളുകളെ അവൻ ശിക്ഷിക്കുന്നില്ല. നാം കൃപാകാലഘട്ടത്തിലാണല്ലൊ വസിക്കുന്നതു. ക്രിസ്തു തന്റെ വചനത്തിലൂടെ നമ്മെ മുന്നറിയിക്കുന്ന കാര്യങ്ങൾ നാം ശ്രദ്ധേയമായി എടുക്കണം. ന്യായവിധിനാൾ എന്ന അവസാന നാളിൽ നമ്മളെ സ്വീകരിക്കേണ്ടതു ക്രിസ്തുവാണ്. അവൻ ഏതടിസ്ഥാനത്തിലാണ് നമ്മെ കൈക്കൊള്ളുന്നതു; അവന്റെ വചനാടിസ്ഥാനത്തിലാണ് (യോഹന്നാൻ 12:48). ആ നാളിൽ അവന്റെ മുൻപിൽ നിൽപാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ ? ദൈവം നശിപ്പിക്കാൻ പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും നിങ്ങൾ ജീവനോടെ സൂക്ഷിച്ചിട്ടുണ്ടോ ? വിട്ടുകളയാൻ പറഞ്ഞ എന്തെങ്കിലും നിങ്ങളിൽ ഇപ്പോഴും ഉണ്ടോ ? ദൈവത്തിന്റെ അധികാരപരിധിയിൽ പെടാത്ത ഏതെങ്കിലും പ്രവൃത്തി നിങ്ങൾ ചെയ്യുന്നുണ്ടോ ? എന്നിട്ട് നിങ്ങൾ അതിനെ ന്യായീകരിക്കുന്നുണ്ടോ ? ദൈവം പറഞ്ഞിട്ടില്ലാത്ത എന്തെങ്കിലും നിങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ചെയ്യുന്നുണ്ടോ ?

നിങ്ങളുടെ ആത്മാർത്ഥതയല്ല നിങ്ങളെ രക്ഷിക്കുന്നത് എന്നോർമ്മിക്കുക. ഒരാൾ മരുന്നാണെന്ന വിശ്വാസത്തിൽ വിഷം കഴിച്ചാൽ അതു ആത്മാർത്ഥതയോടെ ചെയ്താലും സത്യത്തിനു മാററം സംഭവിക്കുകയില്ല. യേശു ക്രിസ്തു പറഞ്ഞു: നിങ്ങൾ സത്യം അറിയും; സത്യം

നിങ്ങളെ സ്വതന്ത്രമാക്കും; ദൈവവചനമാണ് സത്യം (യോഹന്നാൻ 8:32; 17:17). (ക്രിസ്തുവിന്റെ രക്ഷ കരസ്ഥമാക്കുവാൻ അവൻ ആവശ്യപ്പെട്ടതെല്ലാം നിങ്ങൾ ചെയ്തിട്ടുണ്ടോ ? (മർക്കൊസ് 16:16, (പ്രവൃത്തി 2:38). ദൈവേഷ്ടപ്രകാരമാണോ നിങ്ങൾ അവനെ ആരാധിക്കുന്നത് ? (യോഹന്നാൻ 4;24; (പ്രവൃത്തി 2 42). വിശ്വസ്ഥമായ ഒരു ക്രിസ്തീയ ജീവിതമാണോ നിങ്ങൾ നയിക്കുന്നതു ? മത്തായി 5:13; 16). ദൈവം പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ) എത്ര ഭക്തിയോടുകൂടി ചെയ്താലും നാം ദൈവത്തിന്റെ അധികാരത്തിനു വിരുദ്ധമായി മൽസരിക്കുകയാവും ചെയ്യുന്നതു. നാം ഒരിക്കലും ദൈവത്തെ കോപിപ്പിക്കരുതു. നമ്മുടെ ദൈവം തീഷ്ണതയുള്ളവനാണ് എന്ന കാര്യം നാം മറക്കരുതു.

★

# പ്രാർത്ഥനക്കായുള്ള സഹായ ഘടകങ്ങൾ

## സ്റ്റീവ് വില്ല്യംസ്

അർത്ഥവത്തായ പ്രാർത്ഥനക്കു തടസങ്ങൾ ഉള്ളതു പോലെ അതിനു സഹായകരമായ കാര്യങ്ങളും ഉണ്ട്. നമ്മുടെ വിശ്വാസവും, ആചാരവും, സ്വഭാവവും അതിനെ ബാധിക്കുന്നവയാണ്. ദൈവത്തോടുള്ള ധ്യാനത്തിൽ ഒരാൾ എന്താണ് ചെയ്യേണ്ടതു ?

1. **നല്ലൊരു ധാർമ്മിക ജീവിതം :** നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കും. വിശുദ്ധജീവിതം നയിക്കുന്നവന്റെ അപേക്ഷയിൽ ദൈവം സന്തോഷിക്കുന്നു. (സദൃശവാക്യം 15:8; 21:13). പാപം കഴുകിക്കളഞ്ഞാൽ നമ്മുടെ ദൈവമുൻപാകെ പ്രാഗത്ഭ്യത്തോടെ നിൽക്കാം (സങ്കീർത്തനം 24:3-4).

2. **നിസ്വാർത്ഥമായ ആത്മാവ്:** നമ്മുടേതിനേക്കാൾ മററുള്ളവരുടെ ആവശ്യങ്ങൾക്കു നാം പ്രാഗൽഭ്യം കൽപിക്കണം. ശലോമോൻെറ അപേക്ഷ ഉദാഹരണമായി എടുക്കാം. അവൻ തനിക്കു സ്വന്തമായി ഒന്നും ആവശ്യപ്പെടാതെ ദൈവജനത്തെ ഭരിക്കുവാനുള്ള വിവേകബുദ്ധിക്കായി യാചിച്ചു. ദൈവം അതും അതിലപ്പുറവും നൽകി അവൻെറ പ്രാർത്ഥനക്കു ഉത്തരം നൽകി.

3. **അനുസരണമുള്ള ആത്മാവ്:** കർത്താവിൻെറ മാതൃകാപ്രാർത്ഥനയിൽ അവൻ ശിഷ്യൻമാരെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്നുണ്ട്. "ദൈവേഷ്ടം സ്വർഗ്ഗത്തിലേപോലെ ഭൂമിയിലും നിറവേറട്ടെ" എന്നതു (മത്തായി 6:10) ദൈവഹിതത്തിനു നാം പ്രാധാന്യം കൊടുത്തു പ്രാർത്ഥിക്കണം എന്ന സൂചനയാണ്.

4. **ആദരവ്:** കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയിൽ "സ്വർഗ്ഗസ്ഥനായ പിതാവിൻെറ നാമം വിശുദ്ധീകരിക്കപ്പെടേണമേ" എന്ന പ്രയോഗം മറെറന്തിനേക്കാളും ദൈവത്തെ ബഹുമാനിക്കണം എന്നു നമ്മെ ഓർപ്പിക്കുന്നു. ശരീരവും മനസ്സും തലയുമെല്ലാം ദൈവത്തെ വണങ്ങുവാനായി നാം കീഴ്പ്പെടുത്തണം. ദൈവത്തെ സംബോധന ചെയ്യുന്ന വാക്കുകൾ പോലും ആദരവോടുകൂടിയതാകണം.

5. **താഴ്മ:** എളിമ ഏതൊരാൾക്കും എപ്പോഴും ആവശ്യമാണ്. ദാനിയേൽ തന്നെത്താൻ താഴ്ത്തി ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ അവൻെറ വാക്കുകൾ ദൈവം സ്വീകരിച്ചു (ദാനിയേൽ 10:12). നമ്മുടെ പ്രശംസക്കു ദൈവസന്നിധിയിൽ യാതൊരു സ്ഥാനവുമില്ല. അതുകൊണ്ട് പൂർണ്ണമായി താഴ്ന്നുകൊണ്ടു പ്രാർത്ഥിക്കുക.

6. **ഗ്രഹിച്ചുകൊണ്ടുവേണം:** "ഞാൻ ആത്മാവ് കൊണ്ടും ബുദ്ധികൊണ്ടും പ്രാർത്ഥിക്കും എന്നു പൌലൊസ് പറയുന്നു (1 കൊരിന്ത്യർ 14:15). കാണാതെ പഠിച്ചു പ്രാർത്ഥിക്കുന്നതോ മററാരെങ്കിലും എഴുതി ഉണ്ടാക്കിയ പ്രാർത്ഥന ചൊല്ലുന്നതോ കാര്യങ്ങൾ മനസ്സിലാക്കിയുള്ള പ്രാർത്ഥനയല്ല.

**7. വിശ്വാസം:** പ്രാർത്ഥന വിശ്വാസത്തോടു കൂടിയതാകണം എന്നു തിരുവചനത്തിൽ ഉടനീളം കാണുന്നു (മത്തായി 21:22; യാക്കോബ് 1:6-7). നമുക്കു ആവശ്യമുള്ളതുമാത്രവും നമ്മുടെ ആത്മീയ വളർച്ചക്കു നിദാനം കുറിക്കുന്നവയും വിശ്വാസത്തോടെ, ആശ്രയത്തോടെ ദൈവത്തോടു ചോദിക്കുക. ദൈവം മറുപടി തരും.

**8. ആത്മാർത്ഥത:** സത്യസന്ധത ജീവിതത്തിൽ ഉണ്ടാകണം. ദൈവത്തോടു പ്രാർത്ഥിക്കുമ്പോഴും അതു ആത്മാർത്ഥമായിരിക്കണം. കളങ്കവും കാപട്യവും ഒരിക്കലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സഹായിക്കുകയില്ല (മത്തായി 6:5-6; സങ്കീർത്തനം 17:1).

**9. രാജി:** ഫലം എന്തായിരുന്നാലും അതു സ്വീകരിക്കാനുള്ള മാനസികശേഷി നമുക്കുണ്ടായിരിക്കണം. ഒരു പക്ഷെ ദൈവം നമ്മുടെ പ്രാർത്ഥനക്കു അനുകൂലമായി ഉടനെ മറുപടി തരും. അല്ലെങ്കിൽ പ്രതികൂലമായി ഉടനെ മറുപടി തരും. അതുമല്ലെങ്കിൽ കാത്തിരിക്കുന്നതിനായിരിക്കും ദൈവം പറയുക (2ശമുവേൽ 12:19-23). യേശുക്രിസ്തുവും പൗലൊസും നമുക്കു കാണിച്ചുതന്ന മാതൃക അതാണ്. (യെശയ്യാവ് 55:8-9).

★

# വിവാഹമോചനം പരിഹാരമല്ല

ബെററി B. C.

പാശ്ചാത്യ സിനിമയും ടെലിവിഷൻ പരമ്പരകളും പ്രേമവിവാഹങ്ങൾക്കു പച്ചക്കൊടി കാണിച്ചിട്ടുണ്ട്. വിവാഹശേഷം ഉണ്ടാകുന്ന പ്രശ്നങ്ങൾക്കു പരിഹാരമായി വിവാഹമോചനത്തെയും ഈ മാദ്ധ്യമങ്ങൾ എടുത്തു കാണിക്കുന്നു.

എന്നാൽ ഇതിനുള്ള ഉത്തരം ഒരിക്കലും വിവാഹബന്ധത്തെ വിച്ഛേദിച്ചുകൊണ്ടാകരുതു. ദൈവം നമ്മെ പഠിപ്പിച്ചിരിക്കുന്നതു വായിച്ചു നോക്കൂ! സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതു നിമിത്തം മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു പററിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ; അതുകൊണ്ടു അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുതു എന്നു ഉത്തരം പറഞ്ഞു (മത്തായി 19:4-6).

ദൈവ പദ്ധതിയാണ് മററെല്ലാ വഴികളിലും ഉത്തമം. അതായതു ഭർത്താവും ഭാര്യയും മാതാപിതാക്കളിൽ നിന്നും അകന്നു അവർക്കു സ്വന്തമായി ചിന്തിക്കുവാനും പ്രയത്നിക്കുവാനും ഉതകത്തക്കവിധം അവർ പാർക്കണം. വിവാഹത്തിനുശേഷം അവരുടെ ലക്ഷ്യം ഏകമായിരിക്കണം. ഭൗതികമായി അവർ ഏകദേഹമായി വസിക്കുന്നതോടൊപ്പം അവരുടെ മനസ്സും ഹൃദയവും ഒന്നായിരിക്കണം. അങ്ങനെ ഐക്യമായ ധ്യാനപൂർവ്വമായ ജീവിതം അവർക്കു നയിക്കുവാൻ കഴിയണം.

ഈ വിധത്തിലുള്ള വിവാഹത്തിൽ, ദൈവത്താൽ പണിയപ്പെട്ട ദാമ്പത്യബന്ധത്തിൽ പ്രശ്നങ്ങളും വിയോജിപ്പും ഉണ്ടായാൽ ഓരോ ദിവസവും അതു സംസാരിച്ചു വിട്ടു വീഴ്ച്ച വരുത്തേണ്ട സാഹചര്യത്തിൽ അതു വരുത്തി, കീഴടങ്ങേണ്ട സ്ഥാനത്തു കീഴടങ്ങി പരിഹരിച്ചുപോയാൽ അതു വലുതായി തകർക്കത്തക്ക ഭീഷണി ഉയർത്താതിരിക്കും. "ഓരോരുത്തൻ സ്വന്തഗുണമല്ല; മററുള്ളവൻെറ ഗുണം അന്വേഷിക്കട്ടെ (1 കൊരിന്ത്യർ 10:24). എന്നതു പരിശീലിച്ചാൽ

സ്നേഹത്തിന്റെ വളർച്ചക്കു നിദാനമായ ഭയവും സഹായവും ഉണ്ടാകും.

പക്ഷെ പലപ്പോഴും മനുഷ്യൻ ദൈവത്തിന്റെ പദ്ധതി സ്വീകരിക്കാറില്ല. ചിലപ്പോൾ അവർ മാതാപിതാക്കളോടു കൂടെ വസിക്കാൻ തിരഞ്ഞെടുക്കും. അല്ലെങ്കിൽ അവർക്കു വേർപിരിഞ്ഞ് തനിച്ചു താമസിക്കാൻ വരുമാനമില്ലാതെ വരാം. ചില കുടുംബത്തിൽ എല്ലാവരും യോജിച്ചു താമസിക്കണമെന്ന തത്വത്തിൽ നീങ്ങും. പെരുമാററത്തിന്റെ പേരിലോ അസൂയയുടെ പേരിലോ സ്വത്തിന്റെ പേരിലോ ഒക്കെ അഭിപ്രായവ്യത്യാസങ്ങൾകൊണ്ട് രൂക്ഷമായ കുഴപ്പങ്ങൾ ഉൽഭവിക്കും. പക്വതയിലേക്കു ഉയരാൻ കഴിയാതെ ഇരിക്കുന്ന യുവാക്കളെ നാം കാണാറില്ലേ ? അവർ മാതാപിതാക്കളുടെ തണലിൽ കഴിയുന്നവരായിരിക്കും. മുതിർന്നവരുടെ സ്വഭാവരീതികളും പ്രവർത്തനക്ഷമതയും അവരിൽ ഉണ്ടാകുവാൻ അവർ സ്വന്തമായ ജീവിതം ആരംഭിക്കണം.

എന്നാൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, വിവാഹം ഒരു തടവറയെന്നു തോന്നുന്നവിധം കാര്യങ്ങൾ കുഴപ്പമായി തീരുമ്പോൾ എല്ലാവരോടും വെറുപ്പും വിദ്വേഷവും തോന്നും. അപ്പോൾ വിചാരിക്കും വിവാഹമാണ് കാരണം. അതുകൊണ്ട് അതിൽ നിന്നും ഒന്നു വിട്ടുകിട്ടിയാൽ എല്ലാം ശാന്തമായി തീരും എന്നു വിചാരിക്കും. വാസ്തവത്തിൽ വിവാഹമോചനം പ്രശ്നപരിഹാരമാണോ ?

എളുപ്പത്തിലും പെട്ടെന്നും ഒന്നായിത്തീരുന്ന ബന്ധമല്ല രണ്ടു ജീവിതങ്ങളുടെ കൂടിച്ചേരൽ എന്നു ദൈവത്തിനു അറിയാമായിരുന്നു. പരീക്ഷണം നേരിടുമ്പോൾ അതിനെ അതിജീവിക്കാൻ പരിശ്രമിക്കാതെ "എനിക്കു മതിയായി, സഹിക്കാവുന്നതിന്റെ പരിധിയെല്ലാം കഴിഞ്ഞു"—എന്നു പറഞ്ഞു ഒററ ദ്വേഷ്യത്തിനു എറിഞ്ഞുകളയാവുന്ന ഒരു ബന്ധമല്ല, ദാമ്പത്യബന്ധം. അങ്ങനെ അവസാനിപ്പിക്കാവുന്ന ഒന്നല്ല ഇതു.

മനുഷ്യരുടെ ഈ വൈകാരിക മനോഭാവം അവരെ കൊണ്ട് എന്തെല്ലാം ചെയ്യിക്കുമെന്ന് അറിയാമോ? വിവാഹ മോചനം നടത്തിയാൽ രണ്ടു വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അതുമൂലം ഉണ്ടാകുന്ന പിരിമുറുക്കം എത്രമാത്രം വലുതായിരിക്കും എന്നോർമ്മിക്കുക. മക്കളുള്ള ദമ്പതികൾ വേർപിരിഞ്ഞാൽ അവരുടെ മക്കൾ നശിച്ചു പോകുവാൻ കാരണമാകും. കാരണം അവരെ നിയന്ത്രിക്കാൻ മാതാപിതാക്കൾക്കു കഴിയാതെ വരുന്നു. ഇങ്ങനെ വേർപിരിയുന്ന ദമ്പതികൾ ലൈംഗിക അരാജകത്വത്തിലേക്കും രോഗത്തിലേക്കും നീങ്ങും.

പുനർ വിവാഹം പിന്നെയും പ്രശ്നങ്ങൾക്കു കാരണമാകും. കുട്ടികൾക്ക് ആ പുതിയ വ്യക്തിയോടും ആ പുതിയ വ്യക്തിക്കു കുട്ടികളോടും അടുക്കുവാൻ കഴിയാതെവരും. ഇഷ്ടമല്ലാത്ത പ്രവൃത്തികൾ കണ്ടാൽ മർദ്ദനവും. ചീത്തവാക്കുകളും ഉയർന്നുകേൾക്കും. കുട്ടികളെക്കൊണ്ട് കൂടുതൽ ജോലി ചെയ്യിപ്പിക്കയും ചെയ്യും. അങ്ങനെ പല തരത്തിലുള്ള കുഴപ്പങ്ങൾ അവർ വരുത്തി വെക്കും. വിവാഹ മോചനം നിലവിലിരിക്കുന്ന ഏതൊരു സമൂഹത്തിലും ദേശത്തിലും ഇതുപോലുള്ള അരക്ഷിതാവസ്ഥ കാണാൻ കഴിയും. ഫലമെന്താണ് സ്വസ്ഥതയും സമാധാനവും നഷ്ടമാകും; ക്രിയാത്മകശേഷിയും ഇല്ലാതെയാകും.

ഒരു ഭവനത്തിൽ തെററിദ്ധാരണകൾ ഉണ്ടാകാനിടയുണ്ട്. എന്നാൽ വിവാഹമോചനം അതു വർദ്ധിപ്പിക്കുകയേ ഉള്ളു.. പരിഹാരം അതല്ല; അതുകൊണ്ടു ദൈവം പറഞ്ഞു: "പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മററൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചാരം ചെയ്യുന്നു (മത്തായി 19:9).

ചില വ്യക്തികൾക്കു ദൈവത്തിന്റെ ഈ വാഴ്ച്ച കർക്കശമായി തോന്നാമെങ്കിലും അതു സമൂഹത്തിനു മുഴുവനായും കുടുംബത്തിനു പൊതുവേയും സംരക്ഷണത്തിന് കൂടിയേ തീരു എന്നു ദൈവത്തിനറിയാം. വിവാഹ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതു പരിഹരിക്കണം. ഭർത്താക്കന്മാരും ഭാര്യമാരും ഒത്തൊരുമിച്ച് ജീവിച്ചുകൊണ്ട് വിശുദ്ധമായ ജീവിതത്തിനു അത്യന്താപേക്ഷിതമായ ത്യാഗമനോഭാവം വീണ്ടെടുക്കണം. പ്രശ്ന പരിഹാരമായി വിവാഹമോചനം അവരുടെ ചിന്തകളിൽ പോലും കടന്നു വരരുതു.

ഭർത്താവ് ചിലപ്പോൾ നിഷ്ഠൂരനും, നിർബന്ധിക്കുന്നവനും, ഒരുപക്ഷെ ശാരീരികമായി ഉപദ്രവിക്കുന്നവനും ആകാം. അങ്ങനെ വരുമ്പോൾ ഭാര്യ എന്തു ചെയ്യും ? അവൾ കോപത്തോടു കൂടി അതിനെ പ്രതികരിച്ചാൽ അതു സാധാരണ ഗതിയിൽ സ്ഥിതി വഷളാക്കുകയേ ഉള്ളു. എന്നാൽ നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ എന്ന കല്പന പരിശീലിച്ചാൽ, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കയും, പകെക്കുന്നവർക്കു നന്മ ചെയ്കയും ചെയ്താൽ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്താൽ (മത്തായി 5:44) കുറെ കഴിയുമ്പോൾ എത്ര പ്രാകൃത സ്വഭാവമുള്ള ഭർത്താവും സ്നേഹവും ദയയും ഉള്ള ഭർത്താവായി മാറും.

മദ്യപിച്ച് ലക്കുകെട്ട ഭർത്താവിന്റെ ചീത്തവാക്കുകളും ക്രൂര സ്വഭാവവും ഭാര്യക്കും കുട്ടികൾക്കും നേരെതിരിഞ്ഞ് അപകടകരമായി തീരുമ്പോൾ അവരുടെ ജീവിതത്തെ ഭയത്തോടെ നീക്കുന്നവരുണ്ട്. ഭയന്ന് ഭർത്താവിൽ നിന്ന് ഓടി ഒളിക്കുന്ന എത്രയോ കുടുംബങ്ങളുണ്ട്. കുട്ടികളുടെ ചാരിത്ര്യത്തെ പോലും അപഹരിക്കുന്നവരുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ എന്തു ചെയ്യും ?

അവൾക്കു പ്രായോഗികവും നല്ലതുമായ അനേക കാര്യങ്ങൾ ചെയ്യാൻ കഴിയും. സ്നേഹത്തോടും ദയവോടും കൂടെ

ഭർത്താവിനോടു പെരുമാറുക, ഒരിക്കലും കോപം ജ്വലിപ്പിക്കാതിരിക്കുക. സ്വബോധത്തോടെ ഇരിക്കുമ്പോൾ ശാന്തമായി അദ്ദേഹത്തിന്റെ ജോലിയിൽ സഹായിച്ചുകൊണ്ട് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന മദ്യപാനത്തിന്റെ ദൂഷ്യ വശങ്ങളെ മനസിലാക്കികൊടുക്കുക; പ്രാർത്ഥനയിൽ അദ്ദേഹത്തിന്റെ സ്വഭാവ മാററത്തിനായി ദൈവത്തോടു അപേക്ഷിക്കുക; എന്നിട്ടും മാറുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ ഉററ സ്നേഹിതന്മാർ മുഖാന്തരം സമാധാനത്തിനായി ശ്രമിക്കുക. അവിടെയും ഉദ്ദേശിച്ച ഫലം കാണുന്നില്ലെങ്കിൽ അവസാന ഘട്ടത്തിൽ മാത്രം കുറെക്കാലം അകന്നു ജീവിക്കുക. അപ്പോഴും ഭാര്യ നിരപവാദ്യയായി പ്രാർത്ഥനയിൽ ഉററിരിക്കണം.

പരീക്ഷണങ്ങളിൽ കുടുങ്ങി ലൈംഗിക അധാർമ്മിക ബന്ധത്തിൽ പെട്ട് തന്റെ പങ്കാളിയോടു അവിശ്വസ്ഥത കാണിക്കുന്ന വ്യക്തികളും ഉണ്ട്. അത്തരം സന്ദർഭങ്ങളിൽ യേശുക്രിസ്തു പറഞ്ഞു: "പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു (മത്തായി 5: 32). ഈ സാഹചര്യത്തിൽ വിവാഹ ഉടമ്പടിയിൽ നിന്നു അവർ സ്വതന്ത്രരായി. അങ്ങനെ വരുമ്പോൾ നിഷ്ക്കളങ്ക വ്യക്തിക്കു പുനർ വിവാഹം അനുവദനീയമാണ്. കുററവാളിക്കു പുനർ വിവാഹം അനുവദിക്കുന്നില്ല (മത്തായി 19:9).

വിവാഹം കഴിക്കുന്നതിനു മുൻപ് തന്നെ പങ്കാളിയെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും വിശദമായ അന്വേഷണം നടത്തിയശേഷം വിവാഹത്തിന് ഒരുങ്ങുക. ദൈവ പദ്ധതി അനുസരിച്ച് ജീവിക്കുന്ന ഒരു തുണയെ മാത്രം പങ്കാളിയാക്കി എടുക്കുക. അങ്ങനെ ചെയ്താൽ പിന്നീട് ഉണ്ടാകാനിടയുള്ള അനവധി പ്രശ്നങ്ങളും ദുഃഖങ്ങളും ഒഴിവാക്കാം. ദൈവ വഴിമാത്രം പ്രായോഗികമാണ്. മറെറാന്നും അല്ല.

★

# പ്രവാചകൻ

J. ഫ്രാൻസീസ്

ദൈവം മനുഷ്യ വർഗ്ഗത്തിനു ഭാവിയിൽ വരുത്തുവാനി രിക്കുന്ന കാര്യങ്ങൾ വെളിപാടുമൂലം ലഭിക്കുന്നവനും, അതു സത്യസന്ധമായി ജനങ്ങളോടു പ്രവചിക്കുന്നവനും, ജനങ്ങൾക്കു വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും, വാദിക്കുകയും ചെയ്യുന്നവനാണു പ്രവാചകൻ.

ദൈവം ആദിയിൽ മനുഷ്യനെ സൃഷ്ടിച്ചു (ഉല്പ. 1:27). അവനോടു നേരിട്ടു സംസാരിച്ചു, എല്ലാ സൗഭാഗ്യങ്ങളും നിറഞ്ഞ ഏദൻ തോട്ടത്തിൽ ജോലി ചെയ്യുവാനും, തോട്ടത്തെ കാപ്പാനും ദൈവം അവനെ ആക്കി (ഉല്പ. 2:15). എന്നാൽ അവൻ ദൈവത്തോടു അനുസരണക്കേടു കാണിച്ചു. ദൈവം അവനെ ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കി. എന്നിട്ടും ദൈവം മനുഷ്യനുമായുള്ള ബന്ധം വിച്ഛേദിച്ചില്ല. കാരണം അവൻ മനുഷ്യനെ അത്രത്തോളം സ്നേഹിച്ചു.

ആദിമാതാപിതാക്കളുടെ പുത്രന്മാരായ കയീൻ സഹോദരനായ ഹാബേലിനെ അസൂയ നിമിത്തം അടിച്ചുകൊന്നു. അപ്പോൾ ദൈവം കയീനോടു നേരിട്ടു സംസാരിച്ചു. അവൻ ചെയ്ത ആദ്യകൊലപാതകമെന്ന കുററം അവനു മനസ്സിലാക്കികൊടുത്തു. പിന്നെ അവനെ ശിക്ഷിച്ചു (ഉൽപ. 4:8, 11, 12).

പിന്നെ ജനം പെരുകി. ദൈവം നേരിട്ടു ജനത്തോടു സംസാരിക്കുന്നതു അവസാനിപ്പിച്ചു. നീതിമാൻമാരിലൂടെ അവൻ സംസാരിച്ചു. അതിനു ഉദാഹരണമാണു "നോഹ". "ഭൂമി ദൈവത്തിൻെറ മുമ്പാകെ വഷളായി, ദൈവം നോഹയോടു കൽപിച്ചു. സകല ജഡത്തിൻെറയും അവസാനം

എന്റെ മുമ്പിൽ വന്നിരിക്കുന്നു. ഭൂമി അവരാൽ അതിക്രമം കൊണ്ടു നിറഞ്ഞിരിക്കുന്നു. ഞാൻ അവരെ ഭൂമിയോടു കൂടി നശിപ്പിക്കും'' (ഉൽപ. 6:11-13).

ജലപ്രളയത്താൽ ദൈവം അതു നിറവേററി. എന്നാൽ നീതിമാനായ നോഹയേയും കുടുംബത്തെയും, അവന്റെ പുത്രൻമാരേയും ഭാര്യമാരെയും അവൻ രക്ഷിച്ചു. അവരോടുകൂടി ഭൂലോകത്തിലെ സകല ജീവചാലങ്ങളിൽ നിന്നും ഓരോ ജോടികം വീതം രക്ഷപ്പെട്ടു. നോഹയോടു ദൈവം ഉണ്ടാക്കുവാൻ കൽപിച്ച പെട്ടകത്തിലൂടെ മാത്രം.

നീതിമാനായി ജീവിച്ച മററൊരു വ്യക്തിയാണു അബ്രഹാം. ദൈവം കൽപിച്ച പ്രകാരം അവൻ ജീവിച്ചു. തന്റെ ഭാര്യയായ സാറായിൽ ജനിച്ച ഏകമകനാണു ഇസഹാക്ക്. ആ പ്രിയപുത്രനെ ദൈവം ആവശ്യപ്പെട്ട പ്പോൾ ബലി കൊടുക്കുവാൻ പോലും അവൻ മുതിർന്നു. അത്രത്തോളം അവൻ ദൈവത്തെ വിശ്വസിച്ചു. അതുകൊണ്ടു ദൈവം പലപ്പോഴും അവനുമായി സംസാരിച്ചു.

ദൈവം ജനത്തോടു പ്രവർത്തിക്കുവാൻ പോകുന്ന എല്ലാ കാര്യങ്ങളും അബ്രഹാമിനു വെളിപ്പെടുത്തി കൊടുത്തിരുന്നു. സോദോമിനെയും ഗൊമോരയേയും നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു. അവർ ദൈവത്തെ മറന്നു പാപ ജീവിതം നയിച്ചിരുന്നു. തന്റെ തീരുമാനം അവൻ അബ്രഹാമിനോടു പറഞ്ഞു. അപ്പോൾ അവൻ ദൈവത്തോടു മനുഷ്യർക്കുവേണ്ടി വാദിച്ചു. ''ദുഷ്ടനോടുകൂടി നീതിമാനേയും നീ സംഹരിക്കുമോ ?'' ഈ ചോദ്യത്തോടുകൂടിയാണു അവൻ മനുഷ്യർക്കുവേണ്ടിയുള്ള വാദം ആരംഭിച്ചത്. അൻപതു നീതിമാൻമാരിൽ തുടങ്ങി പത്തു നീതിമാൻമാർ വരെ ആ പട്ടണത്തിൽ ഉണ്ടായിരുന്നാൽ ആ പട്ടണങ്ങളെ നശിപ്പിക്കാതിരിപ്പാൻ വേണ്ടി അവൻ ശക്തിയായി വാദിച്ചു. അവന്റെ വാദം ദൈവം അംഗീകരിച്ചു. അംഗീകരിച്ച

വാദപ്രകാരം പത്തു നീതിമാൻമാരെപ്പോലും കണ്ടെത്താത്തതിനാൽ ദൈവം ആ പട്ടണങ്ങളെ നശിപ്പിച്ചു. എന്നാൽ ദൈവത്തെ അനുസരിച്ചു ജീവിച്ചിരുന്ന ലോത്തിനെയും മക്കളേയും മാത്രമേ അവൻ രക്ഷിച്ചുള്ളു (ഉൽപ. 18:23-33). അവർ രക്ഷപ്പെട്ടതുകൊണ്ടു ദൈവം നീതിമാൻമാരെ ദുഷ്ടൻമാരോടുകൂടി നശിക്കുവാൻ ഒരിക്കലും അനുവദിക്കുകയില്ല എന്നു ബോധ്യപ്പെടുത്തി.

അടുത്തു നാം കാണുന്ന നീതിമാൻ യോസേഫ് ആകുന്നു. യാക്കോബിനു റാഹേലിൽ ജനിച്ച മകൻ. യാക്കോബിനെ ദൈവം ഇസ്രായേൽ എന്നു വിളിച്ചിരുന്നു. യോസേഫ് ദൈവനീതിയിൽ ജീവിച്ചു. അവൻ ചെറുപ്പത്തിൽ ഒരു സ്വപ്നം കണ്ടു. സഹോദരൻമാരോടൊപ്പം അവൻ വയലിൽ കററ കെട്ടിക്കൊണ്ടിരുന്നു. അപ്പോൾ അവൻെറ കററ എഴുന്നേററു നിവർന്നുനിന്നു. സഹോദരൻമാരുടെ കററകൾ ചുററും നിന്നു അവൻെറ കററയെ നമസ്ക്കരിച്ചു. അവൻെറ സ്വപ്നം കേട്ട സഹോദരൻമാർ അവൻ അവരുടെ മേൽ വാഴുമെന്നു മനസ്സിലാക്കി. അതുകൊണ്ടു അവർ അവനെ കൂടുതലായി വെറുത്തു. പിന്നെ അവൻ കണ്ട സ്വപ്നം മററൊന്നായിരുന്നു. സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും അവനെ നമസ്ക്കരിച്ചു, ഇതു കേട്ട യാക്കോബ് മകനെ ശാസിച്ചു. പിന്നെ പറഞ്ഞു ''ഞാനും നിൻെറ അമ്മയും സഹോദരൻമാരും സാംഷ്ടാംഗം വീണു നിന്നെ നമസ്ക്കരിപ്പാൻ വരുമോ?'' ഇതറിഞ്ഞ സഹോദരൻമാർക്കു അവനോടുള്ള അസൂയ കൂടുതലായി (ഉൽപ. 37:5-11).

രാജ്യമെങ്ങും ക്ഷാമം ഉണ്ടായപ്പോൾ യോസേഫിൻെറ സഹോദരൻമാർ മിസ്രയീമിൽ യോസേഫിനോടു ധാന്യം വിലക്കു വാങ്ങുവാനായി ചെന്നു. അപ്പോൾ അവർ യോസേഫ് നേരത്തെ കണ്ട സ്വപ്നപ്രകാരം അവനെ നമസ്ക്കരിച്ചു നിന്നു. അങ്ങനെ അവൻ കണ്ട സ്വപ്നം സഫലീകൃതമായി (ഉൽപ. 42-47 വരെയുള്ള അദ്ധ്യായങ്ങൾ).

പാപത്തിൽ നിന്നും അകന്നു ജീവിക്കുന്നവനായിരുന്നു യോസേഫ്. ദോഥാനിൽ ആട് മേയിച്ചുകൊണ്ടിരുന്ന സഹോദരൻമാർ യോസേഫിനെ അവിടെ വച്ചു പിടിച്ചു മിദ്യാന കച്ചവടക്കാർക്ക് വിററു. ദൈവാനുഗ്രഹത്താൽ ഫറവോൻെറ ഒരു ഉദ്യോഗസ്ഥനും അകമ്പടിനായകനുമായ പോത്തിഫർ എന്ന ഒരു മിസ്രയീമ്യൻ അവനെ വിലക്കു വാങ്ങി. അവൻ അവനെ തൻെറ ഗൃഹവിചാരകനാക്കി നിയമിച്ചു. പോത്തിഫറിൻെറ സുന്ദരിയായ ഭാര്യയ്ക്കു കോമളനും മനോഹരരൂപനുമായ യോസേഫിനെ വളരെയധികം ഇഷ്ടപ്പെട്ടു. അവളോടൊപ്പം ശയിക്കുവാൻ അവൾ അവനെ ക്ഷണിച്ചു. "ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതു എങ്ങനെ" എന്നു പറഞ്ഞു കൊണ്ടു അവൻ അതിൽ നിന്നു ഒഴിഞ്ഞുമാറി (ഉൽപ. 39:9).

എന്നാൽ ഒരു ദിവസം അവൾ അവനെ കടന്നുപിടിച്ചു. ദൈവത്തെ അത്യധികമായി ഭയപ്പെട്ടിരുന്ന അവൻ അവളുടെ പിടിയിൽ നിന്നും കുതറിമാറി, പുറത്തേക്കു ഓടിപ്പോയി. എന്നാൽ അവൻെറ മേൽ വസ്ത്രം അവളുടെ കൈയിൽ അകപ്പെട്ടു. ചപലകളായ സ്ത്രീകൾ തങ്ങൾ ചെയ്യുന്ന തെററ് മററുള്ളവരിൽ ആരോപിക്കുക പതിവുള്ളതാണല്ലോ. പൊത്തിഫറിൻെറ ഭാര്യ സ്വന്തകുററം യോസേഫിൽ ആരോപിച്ചു. ഭാര്യയുടെ വാക്കുകളിൽ മാത്രം വിശ്വസിച്ച പൊത്തിഫർ യോസേഫിനെ കാരാഗൃഹത്തിൽ ആക്കി. ദൈവം അവനോടുകൂടെ ഉണ്ടായിരുന്നതിനാൽ കാരാഗൃഹപ്രമാണി അവനെ കാരാഗൃഹവിചാരകനാക്കി മാററി (ഉൽപ. 39:1-23).

(ശേഷം അടുത്ത ലക്കത്തിൽ)

★

# ഏഴ് സഭകൾക്കുള്ള ദൂത്

## എം. എസ്. ജോൺ

### 6 ഫിലദെൽഫ്യ സഭ (വെളി. 3:7-13)

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

സ്വർഗ്ഗത്തിൽ നിന്നും വന്നവനായയേശു ക്രിസ്തു എല്ലാവർക്കും, എല്ലാററിലും ഉന്നതൻ ആകയാൽ, ഭൂമിയിൽ ഉള്ളവർക്കു അവരുടെ അൽപത്വത്തിൽ, ദൈവത്തോടു ക്രിസ്തുവിനുള്ള തുല്യതയെ അളന്നു തിട്ടപ്പെടുത്താൻ എന്തു യോഗ്യത ഇരിക്കുന്നു? മനുഷ്യരുടെ അറിവ് ദൈവമുൻപാകെ വെറും വട്ടപ്പൂജ്യമാകുന്നു. "സ്വർഗ്ഗത്തിൽ നിന്നു വരുന്ന എല്ലാവർക്കും മീതെയുള്ളവനായി താൻ കാണുകയും കേൾക്കയും ചെയ്യുന്നത് സാക്ഷീകരിക്കുന്നു; അവൻെറ സാക്ഷ്യം ആരും കൈകൊള്ളുന്നില്ല. അവൻെറ സാക്ഷ്യം കൈക്കൊള്ളുന്നവൻ ദൈവം സത്യവാൻ എന്നുള്ളതിന്നു മുദ്രയിടുന്നു. പിതാവു പുത്രനെ സ്നേഹിക്കുന്നു. സകലവും അവൻെറ കയ്യിൽ കൊടുത്തുമിരിക്കുന്നു. പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവൻെറ മേൽ വസിക്കുന്നതേയുള്ളൂ.' (യോഹ. 3:31-36). ഒരിക്കൽ യേശു ദേവാലയത്തിൽ ഉപദേശിക്കുമ്പോൾ അവനെ കേൾക്കുന്നവരോടു പറഞ്ഞു: ''നിങ്ങൾ എന്നെ അറിയുന്നു; ഞാൻ എവിടെ നിന്നു എന്നും അറിയുന്നു; ഞാൻ സ്വയമായിട്ടു വന്നവനല്ല, എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവനെ നിങ്ങൾ അറിയുന്നില്ല. ഞാൻ അവൻെറ അടുക്കൽ നിന്നു വന്നതുകൊണ്ടും അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ അവനെ അറിയുന്നു എന്നു വിളിച്ചു പറഞ്ഞു'' (യോഹ. 7:28-29). യേശു അവരോട് ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു ഞാൻ മുഖാന്തരമല്ലാതെ

ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല "(യോഹ. 14:6). "ഇരിക്കുന്നവനും, ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് അവർ രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു". (വെളി. 4:8). "വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്ന് അവർ ഉറക്കെ നിലവിളിച്ചു" (വെളി. 6:10). സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും, അൽഭുതവുമായവ, സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും ? നീയല്ലോ ഏകപരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ സകല ജാതികളും വന്നു തിരുസന്നിധിയിൽ നമസ്ക്കരിക്കും" (വെളി. 15:3-4) അപ്രകാരം എല്ലാ വിധത്തിലും പിതാവായ ദൈവത്തിന്റെ സർവ്വസംപൂർണ്ണതയ്ക്കും തുല്യനായവനും സവിശേഷതകളാൽ അലങ്കരിക്കപ്പെട്ടവനുമായ നമ്മുടെ കർത്താവായ യേശുക്രിസ്തു; ഫിലദെൽഫ്യസഭയ്ക്കു എന്നതുപോലെ തന്നെ ലോകമെങ്ങും ഇന്നു കാണപ്പെടുന്ന ക്രിസ്തുവിന്റെ സഭകളെയും സംഘടനാസഭകളും എല്ലാം അതിൽ ഉൾപ്പെടുത്തിക്കൊണ്ട് അവൻ ദൂത് അറിയിക്കുകയാണ്.

നമ്മുടെ കർത്താവ് വിശുദ്ധനും സത്യവാനും ആയിരിയ്ക്കുന്നതോടൊപ്പം ദാവീദിന്റെ താക്കോലും ഉള്ളവനാണ്. ദാവീദിന്റെ താക്കോൽ എന്നതിനെ യേശുക്രിസ്തുവിന്റെ ദൈവീകമായ അധികാരത്തെ ആണ് പ്രഖ്യാപിക്കുന്നത്. ദാവീദ് ദൈവത്തിന്റെ ജനമായ യിസ്രായേലിന്റെ രാജാവായിരുന്നു. 'ദാവീദിന്റെ താക്കോൽ' അവന്റെ രാജ്യത്തിൻമേലുള്ള അവന്റെ അധികാരത്തെയാണ് കാണിക്കുന്നത്. നമ്മുടെ കർത്താവും രാജാധിരാജാവും കർത്താധികർ

ത്താവും ആകയാൽ അവൻെറ സഭയാകുന്ന ദൈവരാജ്യത്തിൽ കർത്താവിൻെറ പരിപൂർണ്ണാധികാരത്തെയും ശക്തിയേയും പ്രസ്തുത കാര്യത്തിലൂടെ പ്രതിധ്വനിക്കുകയാണ് ചെയ്യുന്നത്. പിതാവായ ദൈവം തൻെറ പുത്രനായ യേശുക്രിസ്തുവിനു ശാശ്വതാവകാശമായി നൽകപ്പെട്ടിരിക്കുന്ന അധികാരം ദീർഘദർശിയായ യെശയ്യാവ് മുഖാന്തരം ദൈവം മുന്നമേ അരുളി ചെയ്തിരിക്കുന്നു. "ഞാൻ ദാവീദ് ഗൃഹത്തിൻെറ താക്കോൽ അവൻെറ തോളിൽ വെയ്ക്കും; അവൻ തുറന്നാൽ ആരും അടെക്കുകയില്ല; അവൻ അടെച്ചാൽ ആരും തുറക്കുകയുമില്ല" (യെശ. 22:22).

പിതാവായ ദൈവം, പുത്രനായ യേശുക്രിസ്തുവിനു സകലത്തിൻമേലും സർവ്വാധികാരവും നൽകപ്പെട്ടിരിക്കുന്നു. "എല്ലാ വാഴ്ചെയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിന്നും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിന്നും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവൻെറ കാൽക്കീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാററിലും എല്ലാം നിറെക്കുന്നവൻെറ നിറവായിരിക്കുന്ന അവൻെറ ശരീരമായ സഭെയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു" (എഫെ. 1:21-23). ദൈവരാജ്യമാകുന്ന ക്രിസ്തുവിൻെറ സഭയുടെ തലയും, അതുപോലെ തന്നെ മരണത്തിൻേറയും പാതാളത്തിൻെറയും താക്കോലാകുന്ന അധികാരവും ഉള്ളവനാണ് നമ്മുടെ കർത്താവ്. യേശുക്രിസ്തുവിന് സകലത്തിന്മേലുമുള്ള അവൻെറ സർവ്വാധികാരത്തെയും പ്രഖ്യാപനം ചെയ്യുന്നത് "യേശുവിൻെറ നാമത്തിങ്കൽ സ്വർലോകരുടെയും, ഭൂലോകരുടെയും, അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിൻെറ മഹത്വത്തിനായി ഏററുപറകയും ചെയ്യേണ്ടിവരും." (ഫിലി. 2:10, 11).

തിരുവചനത്തിൽ ചില പ്രത്യേക അധികാരങ്ങളെ താക്കോലുകളോട് ഉപമപ്പെടുത്തി രേഖപ്പെടുത്തിയിരിക്കു

ന്നതായി കാണാൻ കഴിയുന്നു. "ദാവീദു ഗൃഹത്തിന്റെ താക്കോൽ" (യെശ. 22:22) "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ" (മത്താ. 16:19) "പരിജ്ഞാനത്തിന്റെ താക്കോൽ" (ലൂക്കോ. 11:52) "മരണത്തിന്റെയും, പാതാളത്തിന്റെയും താക്കോൽ". (വെളി. 1:18) "വിശുദ്ധനും, സത്യവാനും ദാവീദിന്റെ താക്കോലുള്ളവനും" (വെളി. 3:7), അഗാധകൂപത്തിന്റെ താക്കോൽ" (വെളി. 9:1) "അഗാധത്തിന്റെ താക്കോൽ" (വെളി. 20:1).

യേശുക്രിസ്തുവിന്റെ അധികാരത്തിൻ കീഴിലായിരിക്കണം അവന്റെ സഭകളാകുന്ന ദൈവരാജ്യം. ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ നിന്നോ, കൽപനകളിൽ നിന്നോ വ്യതിചലിക്കാതെ സഭകൾ ഓരോന്നും വളരുകയും പ്രവർത്തിക്കയും ചെയ്തുകൊണ്ടിരിക്കണം. ക്രിസ്തുവിന്റെ കൽപനകളെ ധിക്കരിച്ചും, ഉപദേശങ്ങളെ വളച്ചൊടിച്ചും, മനുഷ്യസമ്പ്രദായങ്ങളെയും കീഴ്‌വഴക്കങ്ങളെയും മാനിച്ചും ഇത്തിൾകണ്ണികളെപ്പോലെ ജനസമൂഹത്തിന്റെ ധാർമ്മികമൂല്യങ്ങളെ നശിപ്പിച്ച് അവര ടെ ജീവരക്തം ഊററിക്കുടിക്കുന്ന സംഘടനാസഭകൾ ഓരോന്നും ക്രിസ്തുവിന്റെ കൈക്കീഴിലോ, അവന്റെ കർത്തൃത്വത്തിലോ ഉള്ളവയല്ല. കർത്താവ് ഇപ്രകാരമുള്ള സംഘടനാസഭകളെ അറിയുകയോ, മാനിക്കയോ ചെയ്യുന്നില്ല. സംഘടാ സഭകളിൽ അംഗങ്ങളായിരിക്കുന്ന ഓരോരുത്തരും ജഡീകമായ ലോകമയത്വത്തിൽ മയങ്ങികഴിയുന്നവരാണ്. അവർക്ക് ക്രിസ്തുവിനെ പ്രസാദിപ്പിക്കുവാൻ സാധിക്കുകയില്ല. "ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു" (യാക്കോ. 4:4) ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന ദൈവരാജ്യത്തിലെ ഒരംഗമായി അവന്റെ ഉപദേശത്തിലും കൈക്കീഴിലും അവന്റെ അനുസരണത്തിലും ജീവിക്കാൻ സ്നേഹിതാ, നീ തയ്യാറാകുമോ?

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays — 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:45 to 4:00 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034

To